REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 07-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ത്യാഗത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാം മത വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ബലിപെരുന്നാൾ ദിവസമായ ഇന്ന് മൂന്ന് മുന്നണികളും പരസ്യപ്രചാരണത്തിൽ നിന്ന് വിട്ടുനിൽക്കും.**
- **ഭീകരവിരുദ്ധ പോരാട്ടത്തിൽ ജർമ്മനി ഇന്ത്യയ്ക്ക് ഐക്യദാർഢ്യവും പിന്തുണയും ആവർത്തിച്ച് വ്യക്തമാക്കി.**
- **ഇന്നലെ അന്തരിച്ച മുൻ KPCC പ്രസിഡണ്ട് തെന്നല ബാലകൃഷ്ണപിള്ളയുടെ സംസ്കാരം ഉച്ചയ്ക്ക് തിരുവനന്തപുരം ശാന്തി കവാടത്തിൽ.**
- **ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീട പ്പോരാട്ടത്തിൽ ഇന്ന് അരീന സബലെങ്ക , കോക്കോ ഗൗഫിനെ നേരിടും.**

## വാർത്തകൾ വിശദമായി

ത്യാഗസ്മരണകൾ ഉണർത്തി ഇസ്ലാം മത വിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു. മനുഷ്യസമൂഹത്തിന്റെ ഗുണകാംക്ഷയും ദൈവപ്രീതിയിലെ പ്രതീക്ഷയും കൈമുതലാക്കി, ആത്മസമർപ്പണത്തിന്റെ ജീവിക്കുന്ന മാതൃകകളാവാൻ ബലിപെരുന്നാൾ ആഹ്വാനം ചെയ്യുന്നു.

കോഴിക്കോട് ചാലിയം ജുമുഅ മസ്ജിദിൽകാന്തപുരം A.P അബൂബക്കർ മുസ്‌ലിയാരും, കോഴിക്കോട് പാളയം മൊഹ് യുദീൻ പള്ളിയിൽ ഇമാം ഡോ. ഹുസൈൻ മടവൂരും പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകും.

ഈദ് നമസ്കാരത്തിനായി വിശ്വാസികൾ ഈദ് ഗാഹുകളിലേക്കും പള്ളികളിലേക്കും പുറപ്പെട്ട് തുടങ്ങി.

ഡെസ്ക് റിപ്പോർട്ട്.

....(വോയ്സ്).......

✪✪✪

രാഷ്ട്രപതി ദ്രൗപദിമുർമു വിശ്വാസികൾക്ക് ബലിപെരുന്നാൾ ആശംസകൾ നേർന്നു. ത്യാഗത്തിന്റെയും വിശ്വാസത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും പ്രതീകമാണ് ബക്രീദ് എന്നും, ഇത് സമൂഹത്തിൽ ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് പ്രചരിപ്പിക്കുന്നതെന്നും ആശംസാ സന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു. നിസ്വാർത്ഥതയുടെയും സമർപ്പണത്തിന്റെയും മൂല്യങ്ങൾ ജീവിതത്തിൽ സ്വീകരിച്ച് മികച്ച സമൂഹസൃഷ്ടിക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ വിശ്വാസികൾക്ക് ബക്രീദ് ആശംസകൾ നേർന്നു. ബക്രീദ് മാനുഷികതയുടെ ഏറ്റവും ഉദാത്ത ആവിഷ്ക്കാരം ത്യാഗമാണെന്ന് ഓർമ്മിപ്പിക്കുന്ന ദിനമാണെന്ന് മുഖ്യമന്ത്രി ആശംസാസന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂരിൽ ബലിപെരുന്നാൾ ദിവസമായ ഇന്ന് മൂന്ന് മുന്നണികളും പരസ്യപ്രചാരണത്തിൽ നിന്ന് വിട്ടുനിൽക്കും. അതേസമയം പള്ളികളിലും വീടുകളിലുമെത്തി സ്ഥാനാർത്ഥികളും സംഘവും വോട്ടുതേടും. സ്ഥാനാർത്ഥികൾ പെരുന്നാൾ നമസ്കാരത്തിലും പങ്കെടുക്കും.

✪✪✪

BJP നേതാവ് രവിശങ്കർ പ്രസാദ് നയിക്കുന്ന ഓപ്പറേഷൻ സിന്ദൂർ സർവ്വകക്ഷി സംഘം ജർമ്മൻ വിദേശകാര്യമന്ത്രി ജൊഹാൻ വേഡ്ഫുലുമായി ഇന്നലെ

കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച വേഡ്ഫുൽ, ഭീകരവിരുദ്ധ പോരാട്ടത്തിൽ ഇന്ത്യക്ക് ഐക്യദാർഢ്യവും, പിന്തുണയും ആവർത്തിച്ച് പ്രഖ്യാപിച്ചു. ജർമ്മൻ വൈസ് പ്രസിഡണ്ട് ഒമിദ് നൊരുപോറുമായും സംഘം ബർലിനിൽ ചർച്ച നടത്തി. ഭരണതലത്തിലെ മറ്റു പ്രമുഖരും ഇന്ത്യയ്ക്ക് ഭീകരവിരുദ്ധപോരാട്ടത്തിൽ എല്ലാ പിന്തുണയും ഉറപ്പു നൽകി.

✪✪✪

റഫേൽ യുദ്ധവിമാനത്തിന്റെ പ്രധാന ഘടകഭാഗം ഇന്ത്യയിൽ നിർമ്മിക്കുന്നതിന് നിർമ്മാതാക്കളായ ഡസാൾട്ട് ഏവിയേഷനും, ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡും കരാർ ഒപ്പുവെച്ചു. ഫ്രാൻസിനു പുറത്ത് റഫേൽ വിമാനത്തിന്റെ ഘടകഭാഗങ്ങൾ നിർമ്മിക്കുന്നത് ഇതാദ്യമായാണ്. ഹൈദരാബാദിലാണ് ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നത്.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യ 220 ജിഗാവാട്ടിലേറെ പുനരുപയോഗ ഊർജ്ജം ഉത്പാദിപ്പിച്ച് റെക്കോർഡിട്ടു. തൊട്ടുമുൻ വർഷത്തേക്കാൾ 199 ജിഗാവാട്ടോളം കൂടുതലാണിത്. സൗരോർജ്ജത്തിൽ നിന്നും, കാറ്റിൽ നിന്നുമാണ് അധിക ഉത്പാദനം നേടിയെടുത്തത്. ലോകത്ത് പുനരുപയോഗ ഊർജ്ജ മേഖലയിൽ ഏഴാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ.

പ്രധാൻമന്ത്രി സൂര്യഘർ മുഫത് ബിജ്‌ലി യോജനയിലൂടെ പ്രതിമാസ വൈദ്യുതി ബില്ലിൽ വലിയ കുറവ് ലഭിച്ചുകൊണ്ടിരുക്കുന്നതിന്റെ ആഹ്ലാദത്തിലാണ് കണ്ണൂർ വലിയന്നൂരിലെ മീത്തലെപ്പുറത്ത് പ്രമോദ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്).......

✪✪✪

കൊച്ചിക്ക് സമീപം കടലിൽ മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ കണ്ടെത്താൻ പരിശോധന തുടരുന്നു. നാളെ മുതൽ കടലിലെ അടിത്തട്ടിൽ തിരച്ചിൽ ആരംഭിക്കും. ഷിപ്പിംഗ് ഡയറക്ടറേറ്റ് ജനറലും, MSC കമ്പനിയും ചേർന്നായിരിക്കും പരിശോധനയ്ക്ക് നേതൃത്വം നൽകുന്നത്.

✪✪✪

ഇന്നലെ അന്തരിച്ച കോൺഗ്രസ് നേതാവും, മുൻ KPCC പ്രസിഡണ്ടുമായ തെന്നല ബാലകൃഷ്ണപിള്ളയുടെ സംസ്കാരം ഉച്ചയ്ക്ക് തിരുവനന്തപുരം

തൈക്കാട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും. ദൗതികശരീരം രാവിലെ പത്തരയോടെ KPCC ആസ്ഥാനത്ത് പൊതുദർശനത്തിന് വെക്കും. തുടർന്ന് കിഴക്കേകോട്ട അയ്യപ്പ സേവാ സംഘം ഓഫിസിലും പൊതുദർശനം ഉണ്ടായിരിക്കും. ഇന്നലെ രാവിലെ തിരുവനന്തപുരത്തായിരുന്നു 95 കാരനായ തെന്നല ബാലകൃഷ്ണപിള്ളയുടെ അന്ത്യം.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ വനിതാ സിംഗിൾസ് കിരീട പ്പോരാട്ടത്തിൽ ഇന്ന് ലോക ഒന്നാംനമ്പർ താരം ബലാറസിന്റെ അരീന സബലെങ്ക, ലോക രണ്ടാം നമ്പർ അമേരിക്കയുടെ കോക്കോ ഗൗഫിനെ നേരിടും.

പുരുഷ സിംഗിൾസിൽ നാളെ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ, രണ്ടാം സീഡ് സ്പാനിഷ് താരം കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും.

മിക്സഡ് ഡബിൾസിൽ ഇറ്റാലിയൻ ജോഡിയായ സാറ എറാനിയും ആൻഡ്രിയ വാവസോറിയും കിരീടം നേടി.

✪✪✪

നോർവേ ചെസ് കിരീടം നോർവീജിയൻ ചെസ് ഗ്രാൻഡ്മാസ്റ്റർ മാഗ്നസ് കാൾസണ്. അഞ്ച് തവണ ലോക ചാമ്പ്യനായ കാൾസൺ നാടകീയമായ അവസാന റൗണ്ടിലാണ് കിരീടം ഉറപ്പിച്ചത്.

അമേരിക്കയുടെ ഫാബിയാനോ കരുവാന രണ്ടാം സ്ഥാനം നേടിയപ്പോൾ, നിലവിലെ ലോക ചാമ്പ്യൻ ഇന്ത്യയുടെ D. ഗുകേഷിന് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

വനിതാ വിഭാഗത്തിൽ ഉക്രെയ്നിന്റെ അന്ന മുസിചുക്ക് കിരീടം നേടി. ചൈനയുടെ ലീ ടിംഗ്ജി രണ്ടാം സ്ഥാനത്തും ഇന്ത്യയുടെ കൊനേരു ഹംപി മൂന്നാം സ്ഥാനത്തുമെത്തി.

✪✪✪

അടുത്ത മാസം 24 മുതൽ 27 വരെ കോഴിക്കോട് കോടഞ്ചേരി ചാലിപ്പുഴയിലും ഇരുവഴിഞ്ഞിപ്പുഴയിലും നടത്തുന്ന പതിനൊന്നാമത് മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രീ ഇവന്റുകൾക്ക് നാളെ തുടക്കമാകും.കൊടിയത്തൂരിൽ നാളെ വണ്ടി പൂട്ടും, ചെളിക്കളിയും നടത്തും. റിവർ ഫെസ്റ്റിവലിന് വിവിധ സബ് കമ്മിറ്റികൾ രൂപികരിച്ചു.

✪✪✪

തിരുവനന്തപുരം PMG യിൽ പുലർച്ചെ സ്കൂട്ടർ ഷോറൂമിന് തീ പിടിച്ചു. പത്തോളം ഫയർഫോഴ്സ് യൂണിറ്റുകൾ ചേർന്ന് തീ നിയന്ത്രണവിധേയമാക്കി. ഏതാനും പുതിയ വാഹനങ്ങളും, സ്പെയർ പാർട്സുകളും കത്തിനശിച്ചു. ലക്ഷങ്ങളുടെ നാശനഷ്ടം കണക്കാക്കുന്നു.

✪✪✪

ആലപ്പുഴ മുല്ലയ്ക്കൽ ക്ഷേത്രത്തിനു സമീപം ബ്രാഹ്മണ സമൂഹമഠത്തിലെ രണ്ടു വീടുകൾ പൂർണമായി കത്തിനശിച്ചു. മറ്റു രണ്ട് വീടുകളിലേക്ക് തീ പടർന്നെങ്കിലും ഫയർഫോഴ്സ് സംഘമെത്തി അണച്ചു. തീപിടുത്ത സമയത്ത് വീടുകളിൽ ആരും ഉണ്ടായിരുന്നില്ല. ഷോർട്ട് സർക്യൂട്ട് ആണ് അപകടകാരണമെന്ന് സംശയിക്കുന്നു.

✪✪✪

കോഴിക്കോട് കുളങ്ങര പീടികയിൽ പേപ്പറുകൾ സൂക്ഷിച്ചിരുന്ന ഷെഡ്ഡിന് പുലർച്ചെ തീപിടിച്ചു. മീഞ്ചന്തയിൽ നിന്നെത്തിയ Fire and rescue ടീം നാട്ടുകാരുടെ സഹായത്തോടെ തീ അണച്ചു.

✪✪✪

മലപ്പുറം കൂരിയാട് ഭാഗത്ത് തകർന്ന ദേശീയ പാത 66 ൽ വയാഡക്ട് നിർമ്മാണത്തിന് മുന്നോടിയായി മണ്ണുനീക്കം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പാതയുടെ ഇരുവശത്തും സർവീസ് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിയും അതിവേഗം പൂർത്തിയായിവരികയാണ്. മെയ് 19 നാണ് ആറുവരി പാതയുടെ ഭാഗം ഇടിഞ്ഞ് സർവീസ് റോഡിലേക്ക് വീണത്.

✪✪✪

നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ് C P ചാക്കോയുടെ മൃതദേഹം തൃശ്ശൂരിൽ എത്തിച്ചു. ഇന്നലെ പുലർച്ചെ തമിഴ്നാട് ധർമ്മപുരിയിലെ വാഹനാപകടത്തിലായിരുന്നു മരണം. അപകടത്തിൽ പരിക്കേറ്റ ഷൈൻ ടോമിനെയും, മാതാവ് മറിയ കാർമലിനെയും തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ഇരുവർക്കും ശസ്ത്രക്രിയ ആവശ്യമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

✪✪✪

ഇടുക്കിയിലെ മലങ്കര മ്രാലയ്ക്കു സമീപം വാനും ബൈക്കും കൂട്ടിയിടിച്ച് സിവിൽ പൊലീസ് ഓഫീസർ മരിച്ചു. മുട്ടം പൊലീസ് സ്റ്റേഷനിലെ ടിങ്കുജോൺ എന്ന CPO ആണ് ഇന്നലെ വൈകിട്ട് അപകടത്തിൽപ്പെട്ടത്.

✪✪✪

കോഴിക്കോട് അതിരൂപത ആർച്ച്ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കലിന് കണ്ണൂർ രൂപത  വൈകിട്ട്  തലശ്ശേരി ചാലിൽ സെയ്ന്റ് പീറ്റേഴ്സ് ചർച്ചിൽ സ്വീകരണം നൽകും.    പള്ളിയങ്കണത്തിൽ അദ്ദേഹം സിൽവർ ജൂബിലി ഹാൾ ഉദ്ഘാടനം ചെയ്യും.  സ്വീകരണചടങ്ങ് കണ്ണൂർ രൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യും.

✪✪✪

മാതൃഭൂമി സാഹിത്യപുരസ്കാരം എഴുത്തുകാരി സാറാജോസഫിന് കോഴിക്കോട്ട് ഇന്ന് സമ്മാനിക്കും. വൈകിട്ട് ജ്ഞാനപീഠ ജേതാവ് പ്രതിഭാറായ് ആണ് പുരസ്കാരം കൈമാറുന്നത്. മൂന്ന് ലക്ഷം രൂപയും, പ്രശസ്തി പത്രവും, ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

---

*News Editor : പി ചന്ദ്രബാബു,*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിഷിത കുമാരി*
*DEO : ഷീബ*